IVO-5/50/2023

പ്രേഷകൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

ശ്രീമതി.ശ്രീജ
ബീന നിവാസ്
കുരുമ്പോളി
മാലൂർ.

സർ,

വിഷയം - മാലൂർ പഞ്ചായത്ത് - പെർമിറ്റ് അനുവദിക്കാത്തത് - സംബന്ധിച്ച്.

സൂചന: മട്ടന്നൂർ നിയോജക മണ്ഡലം നവകേരള സദസ് അപേക്ഷ നം.KNR153052

.................................

ശിവപുരം വില്ലേജിൽ സർവ്വെ നം. 110/161ൽ പ്പെട്ട 0.0405H എന്ന സ്ഥലത്ത് ശ്രീമതി.ശ്രീജ ചെറുവല്ലത്ത് എന്നവർ നിർമ്മിക്കുന്ന വാസഗൃഹത്തിന് പെർമിറ്റ് മാലൂർ പഞ്ചായത്ത് അനുവദിക്കുന്നില്ല എന്നതാണ് പരാതി. സ്ഥിര അദാലത്ത് അംഗങ്ങളും മാലൂർ പഞ്ചായത്ത് ഓവർസിയറും സ്ഥല പരിശോധന നടത്തി.

അപേക്ഷകക്ക് 19/11/2023 ന് 6261(3) നമ്പർ ആയി നൽകിയ നോട്ടീസിൽ

1- സ്ഥലത്തിന് വടക്ക് കിഴക്ക് അതിർത്തി ഇല്ല.
2- അതിരിൽ നിന്ന് 3.80 മീറ്റർ ആഴത്തിൽ മണ്ണ് കുഴിച്ചെടുത്ത് നീക്കം ചെയ്തിട്ടുണ്ട്.

എന്നിങ്ങനെയുള്ള ന്യൂനതകൾ അറിയിച്ചിരുന്നു. എന്നാൽ മൈനിംഗ് ആന്റ് ജിയോളജിസ്റ്റ് 21/09/2023 KLO 19014978202324E ചെലാൻ പ്രകാരം മണ്ണ് നീക്കം ചെയ്തതിന്റെ റോയൽറ്റി, കോമ്പൗണ്ട് ഫീസ് ഉൾപ്പെടെ 9680/- രൂപ അപേക്ഷക അടച്ചതിനാൽ കുറ്റം രാജിയാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ അതിർത്തി വ്യക്തമല്ലാത്ത, പോർച്ച് നിർമ്മിച്ച ഭാഗത്ത് സമീപ സ്ഥല ഉടമയുടെ സമ്മതപത്രം ഹാജരാക്കിയും അധിക നിർമ്മാണം നടത്തിയ ഏരിയ ഉൾപ്പെടുത്തി ക്രമവൽകരണ അപേക്ഷ മാലൂർ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്.

നിർമ്മാണം പൂർത്തിയാക്കി ഒക്യുപെൻസി ലഭിക്കുന്നതിന് മുമ്പ് അതിർത്തിയോട് ചേർന്ന് മണ്ണ് നീക്കം ചെയ്ത ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുകയും ചെയ്യേണ്ടതാണ് എന്നും സ്ഥിര അദാലത്ത് ഉപസമിതി തീരുമാനിച്ച വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

കണ്ണൂർ
15/01/2024